# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.2      06.01.2014 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>" പി.സി.ജോർജ്ജ്<br>" എം.വി. ശ്രേയാംസ് കുമാർ<br>ഡോ.എൻ.ജയരാജ് | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | |
|---|---|
| എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; | എ) ഭരണ സംവിധാനത്തെ സാധാരണ ജനങ്ങൾക്ക് നേരിട്ട് പ്രാപ്യമാക്കുക വഴി അവരുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരം കാണുക എന്നതായിരുന്നു ജനസമ്പർക്ക പരിപാടിയുടെ മുഖ്യ ലക്ഷ്യം. കൂടാതെ ഭരണാധികാരികൾക്ക് ജനകീയപ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുവാനും ഇവ പരിശോധിച്ച് പ്രശ്ന പരിഹാരത്തിന് നയപരമായ തീരുമാനം എടുക്കുക, ജനങ്ങളുടെ പരാതികളും ആവലാതികളും ആവശ്യങ്ങളും നേരിട്ട് കേട്ട് പരിഹാരം കണ്ടെത്തുക, ഭരണ നടപടികൾ കൂടുതൽ ജനകീയവും സുതാര്യവും കാര്യക്ഷമവും ആക്കുക, സമൂഹത്തിലെ അവശജന വിഭാഗക്കാർക്ക് അടിയന്തിരമായും സമയബന്ധിതമായും സഹായം / പരാതി പരിഹാരം കാണുക എന്നിവയൊക്കെയാണ് ജനസമ്പർക്ക പരിപാടിയുടെ മറ്റു ലക്ഷ്യങ്ങൾ. |

| | |
|---|---|
| ബി) ജനങ്ങൾക്ക് അവരുടെ അർഹതപ്പെട്ട ആനുകൂല്യങ്ങളും ആവശ്യങ്ങളും യഥാസമയം ലഭ്യമാക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും തടസ്സമാകുന്നുണ്ടോ; വ്യക്തമാക്കുമോ;<br><br>സി) പ്രസ്തുത ചട്ടങ്ങളും നിയമങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ? | ബി) & സി) ചില നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിൽ പരിഷ്കരിച്ചും മാറ്റം വരുത്തിയും 45 ഗവൺമെന്റ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

Kunhikrishnan

സെക്ഷൻ ഓഫീസർ